2026
MARCH
25
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# കരിഞ്ചന്തക്കാർക്കെതിരെ കർശന നടപടി;

# പൂഴ്ത്തിവെയ്ക്കുന്ന സിലിണ്ടറുകൾ പിടിച്ചെടുക്കൽ തുടരുന്നു

**ന്യൂഡൽഹി:** പശ്ചിമേഷ്യൻ സംഘർഷം തുടരുന്ന സാഹചര്യത്തിൽ പാചകവാതകം പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിനായി സംസ്ഥാനങ്ങളിലുടനീളം എൻഫോഴ്സ്മെന്റ് നടപടികൾ കൂടുതൽ ശക്തമാക്കിയതായി കേന്ദ്രസർക്കാർ. കഴിഞ്ഞ ദിവസം മാത്രം 2,400 റെയ്ഡുകൾ നടത്തുകയും അനധികൃതമായി സൂക്ഷിച്ച 800ലധികം സിലിണ്ടറുകൾ പിടിച്ചെടുക്കുകയും ചെയ്തു. ആന്ധ്രാപ്രദേശ്, ഉത്തർ പ്രദേശ്, ഡൽഹി എന്നിവിടങ്ങളിലാണ് കൂടുതൽ നടപടികൾ റിപ്പോർട്ട് ചെയ്യപ്പെട്ടത്. വാരാന്ത്യത്തിൽ രാജ്യത്തുടനീളമുള്ള ചില്ലറ വിൽപ്പനശാലകളിലും എൽപിജി വിതരണ കേന്ദ്രങ്ങളിലും 2,600ലധികം മിന്നൽ പരിശോധനകൾ നടത്തി. ഇതുവരെ ഏകദേശം 550 എഫ്ഐആർ രജിസ്റ്റർ ചെയ്യുകയും ഏകദേശം 150 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. അവശ്യവസ്തു നിയമത്തിന്റെയും എൽപിജി നിയന്ത്രണ ഉത്തരവിന്റെയും കീഴിൽ വിതരണം നിരീക്ഷിക്കുന്നതിന് സംസ്ഥാന ഗവൺമെന്റുകളും കേന്ദ്രഭരണ പ്രദേശങ്ങളും കാര്യക്ഷമതയോടെ പ്രവർത്തിക്കണമെന്നും പൂഴ്ത്തിവയ്പ്പിനും കരിഞ്ചന്തയ്ക്കും എതിരെ ജാഗ്രത പാലിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.



പൂഴ്ത്തിവയ്പ്പ്, കരിഞ്ചന്ത, ഗാർഹിക എൽപിജിയുടെ അനധികൃത കൈമാറ്റം, മറ്റ് രീതികൾ എന്നിവ തടയുന്നതിന് കർശനമായ ജാഗ്രത പാലിക്കുക, അവശ്യവസ്തു നിയമം, 1955, പെട്രോളിയം നിയമം, 1934, പെട്രോളിയം നിയമങ്ങൾ 2002, മോട്ടോർ സ്പിരിറ്റ്, എച്ച്എസ്ഡി ഉത്തരവ് 2005, മറ്റ് ബാധകമായ നിയമങ്ങൾ എന്നിവ പ്രകാരം നിയമ ലംഘകർക്കെതിരെ കർശന നടപടി സ്വീകരിക്കുക, പ്രാദേശിക മുൻഗണനകളും ആവശ്യകതകളും കണക്കിലെടുത്ത് വാണിജ്യ എൽപിജിക്ക് ഉചിതമായ വിതരണ രീതികൾ വികസിപ്പിക്കുക, പരിഭ്രാന്തി സൃഷ്ടിക്കുന്നത് തടയുന്നതിനും എൽപിജിയുടെ നീതിയുക്തമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും കൃത്യമായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനും പൊതു മാർഗ നിർദേശങ്ങൾ നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്. എല്ലാ ജില്ലാ കളക്ടർമാരും ഭക്ഷ്യസിവിൽ സപ്ലൈസ് (എഫ്സി ആന്റ് എസ് ഉദ്യോഗസ്ഥർ) വിഭാഗത്തിനോടും ദിവസേന എൻഫോഴ്സ്മെന്റ് നടപടികൾ നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനങ്ങളിലും/യുടികളിലും കൺട്രോൾ റൂമുകൾ സജ്ജീകരിക്കുകയും ജില്ലാതല നിരീക്ഷണ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൺട്രോൾ റൂമുകളും ജില്ലാ നിരീക്ഷണ കമ്മിറ്റികളും സ്ഥാപിക്കാത്ത എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും അടിയന്തരമായി അവ സ്ഥാപിക്കണമെന്നും നിർദ്ദേശിച്ചു.

വാണിജ്യ ഉപഭോക്താക്കൾക്കുള്ള എൽപിജി വിതരണം ഭാഗികമായി കേന്ദ്രസർക്കാർ ഇതിനകം പുനഃസ്ഥാപിച്ചു. കൂടാതെ, പിഎൻജി വിപുലീകരണത്തിനായി ബിസിനസ്സ് നടപടികൾ എളുപ്പമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും വാണിജ്യ എൽപിജിയുടെ 10ശതമാനം അധികമായി അനുവദിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. സംസ്ഥാനങ്ങൾക്ക് വാണിജ്യ എൽപിജി യുടെ 20% കൂടി അനുവദിച്ച് കൊണ്ട് മാർച്ച് 21 ന് കേന്ദ്രം കത്ത് നൽകിയിരുന്നു. ഇതോടെ പിഎൻജി വിപുലീകരണത്തിനായുള്ള പരിഷ്കാരങ്ങളുടെ അടിസ്ഥാനത്തിൽ നൽകുന്ന 10 ശതമാനം വിഹിതം ഉൾപ്പെടെ മൊത്തം വിഹിതം 50 ശതമാനം ആക്കും. അധിക 20% വിഹിതം റെസ്റ്റോറന്റുകൾ, ധാബകൾ, ഹോട്ടലുകൾ, വ്യാവസായിക കാന്റീനുകൾ, ഭക്ഷ്യ സംസ്കരണം, ക്ഷീര വ്യവസായം, സംസ്ഥാന ഗവൺമെന്റോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ഭക്ഷണത്തിനായി നടത്തുന്ന സബ്സിഡിയുള്ള കാന്റീനുകൾ, ഔട്ട്ലെറ്റുകൾ, സമൂഹ അടുക്കളകൾ, കുടിയേറ്റ തൊഴിലാളികൾക്ക് 5 കിലോഗ്രാം എഫ്ടിഎൽ തുടങ്ങിയ മേഖലകൾക്ക് മുൻഗണന നൽകും.

# നിയമസഭാ തിരഞ്ഞെടുപ്പ്: സർവ്വകക്ഷി യോഗം ചേർന്നു

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ ഒരുക്കങ്ങളും നടപടിക്രമങ്ങളും വിശദീകരിക്കുന്നതിനായി തിരഞ്ഞെടുപ്പ് നിരീക്ഷകരുടെ സാന്നിധ്യത്തിൽ ജില്ലാ കളക്ടർ ജി പ്രിയങ്കയുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടികളുടെ സർവകക്ഷി യോഗം ചേർന്നു.

ജില്ലയിൽ ആകെ 3148 പോളിംഗ് സ്റ്റേഷനുകളാണുള്ളത്. ഇവയുടെ സുരക്ഷ ഉറപ്പാക്കാൻ എല്ലാ ബൂത്തുകളിലും വെബ്കാസ്റ്റിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകൾ നിയന്ത്രിക്കുന്ന 14 ബൂത്തുകളും, 70 മോഡൽ പോളിംഗ് സ്റ്റേഷനുകളും, ഭിന്നശേഷിക്കാർ നിയന്ത്രിക്കുന്ന 2 ബൂത്തുകളും ജില്ലയിൽ സജ്ജീകരിച്ചിട്ടുണ്ട്.

പ്ലാസ്റ്റിക്, ഒറ്റത്തവണ ഉപയോഗിക്കുന്ന വസ്തുക്കൾ പിവിസി ഫ്ളക്സ്, ബാനർ തുടങ്ങിയവ ഒഴിവാക്കി പരിസ്ഥിതി സൗഹൃദ സാമഗ്രികൾ മാത്രമേ പ്രചാരണത്തിന് ഉപയോഗിക്കാവൂ എന്ന് ജില്ലാ കളക്ടർ നിർദ്ദേശം നൽകി. ഹരിതചട്ടം ലംഘിക്കുന്നവർക്കെതിരെ വരും ദിവസങ്ങളിലും നിയമനടപടികൾ തുടരുമെന്നും കളക്ടർ അറിയിച്ചു. കളക്ടറുടെ ചേബംറിൽ നടന്ന യോഗത്തിൽ വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ പങ്കെടുത്തു.



*നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിളിച്ചുചേർത്ത സർവകക്ഷി യോഗത്തിൽ ജില്ലാ കളക്ടർ ജി പ്രിയങ്ക സംസാരിക്കുന്നു.*

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭ :** കാതോലിക്കാ ബസേലിയോസ് ജോസഫ് ബാവായുടെ ഒന്നാംസ്ഥാനാരോഹണ വാർഷികം രാവിലെ 7.30ന്.

■ **കലൂർ ഗോകുലം കൺവൻഷൻ സെന്റർ :** കേരള പ്രൊഫഷണൽ ഹൗസ് കീപ്പേഴ്സ് അസോസിയേഷൻ വാർഷികാഘോഷവും കൺവൻഷനും രാവിലെ 9.30ന് റിട്ട. ചീഫ് ജസ്റ്റിസ് സി എൽ വി അബ്ദുൽ റഹീം ഉദ്ഘാടനം ചെയ്യും. കെപിഎച്ച്എ ചെയർപേഴ്സൺ ജയശ്രീ നാഗരാജ് മുഖ്യാതിഥിയാകും.

■ **ചാവറ കൾച്ചറൽ സെന്റർ :** കൾച്ചറൽ സെന്ററിന്റെ സഹകരണത്തോടെ കൊച്ചി തീയേറ്റർ ഫെസ്റ്റിവൽ 2026 പി ജെ ആന്റണി ജന്മശതാബ്ദിയുടെ ഭാഗമായി പി ജെ ആന്റണി എഡിഷൻ നാടകോത്സവം ചാവറ കൾച്ചറൽ സെന്ററിൽ സംഘടിപ്പിക്കും. പകൽ രണ്ടിന് ഓൺ-സ്ക്രീൻ പ്രദർശനവും വൈകിട്ട് 6.30ന് വിവിധ നാടകങ്ങളും അരങ്ങേറും.

■ **സ്വാമി ശാശ്വതികാനന്ദ കോളേജ് :** മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ സ്വാമി ശാശ്വതികാനന്ദ കോളേജ്, പൂത്തോട്ടയിൽ സൗത്ത് സോൺ വനിത ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പ് ഉച്ചകഴിഞ്ഞ് 3ന്.

■ **എറണാകുളം ടൗൺ ഹാൾ :** ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് കൊച്ചിൻ മിഡ്ടൗൺ റോട്ടറി ക്ലബ്ബിന്റെ സാമൂഹിക പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായി സൗജന്യ ജയ്പുർ കാലുകൾ, പ്രോസ്തെറ്റിക് കൈകൾ, ശ്രവണസഹായികൾ വിതരണ ക്യാമ്പ് രാവിലെ 9 മുതൽ.

■ **ക്രൗൺ പ്ലാസ :** കേരളത്തിലെ പ്രമുഖ കുടുംബ ബിസിനസ് സാരഥികളും കുടുംബ ബിസിനസ് കൺസൾട്ടിംഗ് രംഗത്തെ മുൻനിര വിദഗ്ധരും ഒരുമിക്കുന്ന ഫാമിലി ബിസിനസ് കോൺക്ലേവ് രാവിലെ 11ന്.

## പറവൂർ

■ **ശ്രീയോഗേശ്വര മഹാദേവ ക്ഷേത്രം :** പ്രതിഷ്ഠാ വാർഷികം - രാവിലെ 5 മണി മുതൽ.

## വൈറ്റില

■ **മാടവന തേനാളിൽ ഭഗവതി ക്ഷേത്രം :** ഉത്സവം- രാവിലെ 8.30 മുതൽ.

## കോതമംഗലം

■ **കോതമംഗലം സെന്റ് ജോർജ് കത്തീഡ്രൽ :** വാർഷിക ധ്യാനം വൈകിട്ട് 4 മണി മുതൽ.

## പെരുമ്പാവൂർ

■ **ഇരിങ്ങോൾ ഭഗവതി ക്ഷേത്രം :** പൂരമഹോത്സവം - വൈകിട്ട് 6.30ന് സോപാനസംഗീതം, നൃത്തസന്ധ്യ.

# പോസ്റ്റൽ ബാലറ്റുകളുടെ വിതരണം: ജില്ലാതല ക്ലിയറൻസ് സെന്റർ പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** തിരഞ്ഞെടുപ്പ് ജോലിയിൽ ഏർപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ വിതരണം ചെയ്യുന്നതിനുള്ള ജില്ലാ/ സംസ്ഥാനതല ക്ലിയറൻസ് സെന്റർ കാക്കനാട് ജില്ലാ പഞ്ചായത്ത് പ്രിയദർശനി ഹാളിൽ പ്രവർത്തനമാരംഭിച്ചു. ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കളക്ടർ ജി. പ്രിയങ്ക ഉദ്ഘാടനം ചെയ്തു. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എ.എസ് ശ്രീകല, ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടറും പോസ്റ്റൽ ബാലറ്റ് നോഡൽ ഓഫീസറുമായ ജി. ശ്രീകുമാർ സംസ്ഥാനതല ക്ലിയറൻസ് സെന്റർ ഇൻ ചാർജ് ജെ.സിമി തുടങ്ങിയവർ പങ്കെടുത്തു.



*പോസ്റ്റൽ ബാലറ്റുകളുടെ ജില്ലാതല ക്ലിയറൻസ് സെന്റർ ജില്ലാ കളക്ടർ ജി പ്രിയങ്ക ഉദ്ഘാടനം ചെയ്യുന്നു.*

## സംസ്കൃത സർവ്വകലാശാല പരീക്ഷകൾ : ടൈംടേബിൾ പ്രസിദ്ധീകരിച്ചു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ആറാം സെമസ്റ്റർ ബി.എ., മൂന്നാം സെമസ്റ്റർ ബി. എഫ്.എ. (സ്പെഷ്യൽ പരീക്ഷ), ഒന്നാം സെമസ്റ്റർ എഫ്. വൈ. യു. ജി. പി (പുന:പരീക്ഷ), രണ്ടാം സെമസ്റ്റർ എം. എ./എം. എസ്.സി/എം. പി. ഇ. എസ്./ എം. എസ്. ഡബ്ല്യു/ എം. എഫ്. എ/ പി. ജി. ഡിപ്ലോമ ഇൻ വെൽനസ് ആൻഡ് സ്പാ മാനേജ്മെന്റ് / ഡിപ്ലോമ ഇൻ ആയുർവേദ പഞ്ചകർമ്മ ആൻഡ് ഇന്റർനാഷണൽ സ്പാ തെറാപ്പി /പി. ജി. ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ ആൻഡ് ഓഫീസ് പ്രൊസീഡിംഗ്സ് ഇൻ ഹിന്ദി, പി. ജി. ഡിപ്ലോമ ഇൻ മാനുസ്ക്രിപ്റ്റോളജി, രണ്ടും നാലും സെമസ്റ്റർ ഡിസാസ്റ്റർ മാനേജ്മെന്റ്, നാലാം സെമസ്റ്റർ എം. എ/എം. എസ്. സി./ എം. പി. ഇ. എസ്./എം. എഫ്. എ /എം. എസ്. ഡബ്ല്യു, രണ്ടും, നാലും സെമസ്റ്റർ എഫ്. വൈ. യു. ജി. പി. പരീക്ഷകളുടെ ടൈം ടൈബിൾ പ്രസിദ്ധീകരിച്ചു.

# കെ.പി.എച്ച്.എ. പത്താം വാർഷികാഘോഷവും കൺവെൻഷനും ഇന്ന് കൊച്ചിയിൽ

**കൊച്ചി:** കേരള പ്രൊഫഷണൽ ഹൗസ് കീപ്പേഴ്സ് അസോസിയേഷന്റെ (കെ.പി.എച്ച്.എ) പത്താം വാർഷികാഘോഷവും പ്രഥമ കേരള ഹൗസ് കീപ്പേഴ്സ് കൺവെൻഷനും ഇന്ന് കൊച്ചിയിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 6 വരെയാണ് പരിപാടി. രാവിലെ 9.30-ന് റിട്ട. ചീഫ് ജസ്റ്റിസ് സി. എൽ വി അബ്ദുൽ റഹീം ഉദ്ഘാടനം ചെയ്യും. പ്രൊഫഷണൽ ഹൗസ് കീപ്പേഴ്സ് അസോസിയേഷൻ സ്ഥാപക പ്രസിഡന്റും ചെയർപേഴ്സണുമായ ജയശ്രീ നാഗരാജ് മുഖ്യാതിഥിയാകും 'ഹൗസ് കീപ്പിംഗ് ഇന്നലെയും ഇന്നും' എന്ന വിഷയത്തിൽ നിരുപമ പാത്ര മുഖ്യപ്രഭാഷണം നടത്തും. സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഹോട്ടലുകളുടെ മാനേജിംഗ് ഡയറക്ടർമാരും ജനറൽ മാനേജർമാരും പങ്കെടുക്കും. അതിഥി സൽക്കാര മേഖലയിലെ ഹൗസ് കീപ്പിംഗ് പ്രൊഫഷണലുകൾക്ക് ഒരു പൊതുവേദി ഒരുക്കുക എന്ന ലക്ഷ്യത്തോടെ 2015-ൽ കൊച്ചിയിൽ തുടക്കം കുറിച്ച കൂട്ടായ്മയാണ് കെ.പി.എച്ച്.എ. പത്ത് വർഷം പിന്നിടുമ്പോൾ ഇരുന്നൂറിലധികം അംഗങ്ങളുള്ള ശക്തമായ സംഘടനയായി ഇത് വളർന്നു കഴിഞ്ഞു.




ഹൗസ് കീപ്പിംഗ് രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനൊപ്പം ഈ മേഖലയിലെ പ്രൊഫഷണലുകളുടെ ഉന്നമനത്തിനായും സംഘടന പ്രവർത്തിക്കുന്നുണ്ട്. കൺവെൻഷന്റെ ഭാഗമായി വിവിധ സാങ്കേതിക സെഷനുകൾ നടക്കും. 'വർക്ക് ലൈഫ് ബാലൻസ്' എന്ന വിഷയത്തിൽ പ്രദീപ് രാജനും (എ.ജി.എം ഫെസിലിറ്റീസ്, വേൾഡ് ട്രേഡ് സെന്റർ), 'ഹ്യൂമൻ എലമെന്റ് ഇൻ ഹോസ്പിറ്റാലിറ്റി' എന്ന വിഷയത്തിൽ മൻസൂർ എ.ആറും (കോർപ്പറേറ്റ് മാനേജർ, അബാദ് ഗ്രൂപ്പ്) സംസാരിക്കും. ക്ലീൻ കേരള കമ്പനി മുൻ എം.ഡി കബീർ ബി. ഹാരൂൺ കാർബൺ ന്യൂട്രൽ ഇനിഷ്യേറ്റീവിനെക്കുറിച്ച് ക്ലാസ് നയിക്കും. കൂടാതെ ഡോ. റോജ ജോസഫ് നയിക്കുന്ന കാൻസർ ബോധവൽക്കരണ സെഷനും പരിപാടിയുടെ ഭാഗമായി ഉണ്ടാകും. ഹൗസ് കീപ്പിംഗ് രംഗത്തെ മികച്ച പ്രതിഭകളെ ചടങ്ങിൽ ആദരിക്കും. ലിബർട്ടീ ഡിസൈൻസ് അവതരിപ്പിക്കുന്ന ഹോട്ടൽ യൂണിഫോം ഫാഷൻ ഷോ, അംഗങ്ങളുടെ വിവിധ കലാപരിപാടികൾ എന്നിവ കൺവെൻഷന് മാറ്റുകൂട്ടും. കേരള ട്രാവൽ മാർട്ട്, കേരള ടൂറിസം പ്രൊഫഷണൽ ക്ലബ്ബ് തുടങ്ങി ടൂറിസം മേഖലയിലെ വിവിധ സംഘടനകളുടെ പിന്തുണയും പങ്കാളിത്തവും പരിപാടിയിലുണ്ടാകും. കെ.പി.എച്ച്.എ പ്രസിഡന്റ് ബിന്ദു കെ.സി, ട്രഷറർ ബീന സതീഷ്, ഹോട്ടൽടെക് എംഡി ജോസഫ് കുര്യാക്കോസ് എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## വിശുദ്ധ ദിവസങ്ങളിൽ പ്രവേശനപരീക്ഷകളും ഇലക്ഷൻ പരിശീലനങ്ങളും നടത്തുന്നത് അപലപനീയം: കെ.സി.വൈ.എം

**കൊച്ചി:** ക്രൈസ്തവവിശ്വാസികൾ പരിശുദ്ധമായി ആചരിക്കുന്ന പെസഹാ വ്യാഴം, ഈസ്റ്റർ ദിനങ്ങളിൽ അഖിലേന്ത്യാ എൻജിനീയറിങ് പ്രവേശന പരീക്ഷ നടത്തുന്നതും ഇലക്ഷൻ കമ്മീഷൻ പരിശീലനങ്ങൾ നടത്തുന്നതും തീർത്തും അപലപനീയവും ഭരണഘടനാ മൂല്യങ്ങൾക്കെതിരായ വെല്ലുവിളിയുമാണെന്ന് കെ.സി.വൈ.എം സംസ്ഥാന സമിതി. ക്രൈസ്തവ വിശ്വാസികൾ വിശുദ്ധമായി ആചരിക്കുന്ന ദിവസങ്ങളിൽ ഇത്തരം മത്സരപരീക്ഷകളും പരിശീലനങ്ങളും നടത്തുന്നത് മത്സരാർഥികൾക്ക് അവരുടെ മതപരമായ ചടങ്ങുകളിൽ പങ്കെടുക്കാനുള്ള അവകാശങ്ങൾ കവർന്നെടുക്കുന്ന നടപടിയാണ്. മുൻപും ക്രൈസ്തവർ വിശുദ്ധദിനമായി ആചരിക്കുന്ന ദിവസങ്ങളിൽ പരീക്ഷകളും സർക്കാർ ഡ്യൂട്ടികളും ക്രമീകരിക്കുന്ന നടപടികൾ പ്രതിഷേധങ്ങൾക്ക് കാരണമായിട്ടുണ്ടെന്നിരിക്കേ വീണ്ടും ഇത്തരം നടപടികളുമായി മുന്നോട്ട് പോകുന്നത് അംഗീകരിക്കാൻ സാധിക്കില്ലെന്ന് കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ഷിബിൻ ഷാജി കുറ്റപ്പെടുത്തി. ഈ സാഹചര്യത്തിൽ ഈ മത്സരപരീക്ഷകളും പരിശീലനങ്ങളും പുനഃക്രമീകരിക്കണമെന്നും ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ മതപരമായ അവകാശങ്ങളെ സംരക്ഷിക്കണമെന്നും കെ.സി.വൈ.എം സംസ്ഥാന സമിതി ആവശ്യപ്പെട്ടു. സംസ്ഥാന ജനറൽ സെക്രട്ടറി കാസി പൂപ്പന, വൈസ് പ്രസിഡന്റുമാരായ കുമാരി ആഗി മരിയ ജോസഫ്, സാം സണ്ണി, സെക്രട്ടറിമാരായ ജോയൽ ജോൺ റോയ്,ധന്യ മോഹൻ രാജ്, സെഞ്ചു ജേക്കബ്, പ്രിൻസി പീറ്റർ ട്രഷറർ ജെൻസൺ ആൽബി എന്നിവർ സംസാരിച്ചു.

# പട്ടികജാതി സംവരണം: സുപ്രീം കോടതി വിധി സ്വാഗതം ചെയ്ത് വിശ്വഹിന്ദു പരിഷത്ത്

**കൊച്ചി:** ഭാരതത്തിൽ ഉദയം ചെയ്ത ഹിന്ദു, ബുദ്ധ, ജൈന, സിഖ് മതങ്ങളിൽ നിന്ന് ഇതര മതങ്ങളിലേക്ക് മാറുന്നവർക്ക് പട്ടികജാതി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കില്ലായെന്ന സുപ്രീം കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി സ്വാഗതം ചെയ്യുന്നുവെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി അഡ്വ.അനിൽ വിളയിൽ വാർത്താകുറിപ്പിലൂടെ അറിയിച്ചു. പ്രലോഭിപ്പിച്ചും ഭാരതീയ മതങ്ങളെ ഇകഴ്ത്തിയും നടത്തിയിരുന്ന മതപരിവർത്തനങ്ങൾക്കും, വനവാസ, കടലോര മേഖലകളിലെ ചൂഷണങ്ങൾക്കും ഒരു പരിധിവരെ തടയിടാൻ ഈ വിധി സഹായിക്കുമെന്നും ദേശീയ പ്രസ്ഥാനങ്ങൾ പതിറ്റാണ്ടുകളായി ഉന്നയിച്ചിരുന്ന ആവശ്യമായിരുന്നു ഇതെന്നും അവർ പറഞ്ഞു. തങ്ങളിൽ ജാതി വ്യവസ്ഥയില്ലായെന്ന് പറയുകയും മതം മാറി തങ്ങളിലേക്ക് വരുന്നവർക്ക് സംവരണവും പട്ടികജാതി അതിക്രമ നിരോധന നിയമത്തിന്റെ പരിരക്ഷയും വേണമെന്ന അവകാശവാദം ഉന്നയിക്കാൻ ഇനി ആർക്കും അവകാശമില്ലായെന്നാണ് കോടതി വിധിയിൽ കൂടി മനസ്സിലാകുന്നത്. ലത്തീൻ കത്തോലിക്കാ ബിഷപ്പുമാർക്ക് ജാതി സർട്ടിഫിക്കേറ്റ് നൽകാൻ അധികാരം ഉണ്ടെന്ന ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാനുള്ള കേരള സർക്കാർ തീരുമാനം സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ റദ്ദാക്കണമെന്നും, ജെബി കോശി കമ്മീഷന്റെ ശിപാർശകളെ പൂർണമായും ഇല്ലാതാക്കാൻ സാധ്യതയുള്ളതാണ് സുപ്രീം കോടതി വിധിയെന്നും നേതാക്കൾ പ്രസ്താവനയിൽ അറിയിച്ചു.

## വിവിധ കേന്ദ്രങ്ങളിൽ വോട്ട് തേടി കെ.ജെ മാക്സി



**കൊച്ചി:** എൽ.ഡി.എഫ് സ്ഥാനാർഥി കെ.ജെ മാക്സി  തെരഞ്ഞെടുപ്പ് പര്യടനത്തിന്റെ ഭാഗമായി രാവിലെ ആലപ്പുഴ രൂപത സന്ദർശിച്ചു. രൂപത അധ്യക്ഷൻ ഫാദർ ഡോ. ജെയിംസ് റാഫേൽ ആനാപറമ്പിലുമായി കൂടിക്കാഴ്ച നടത്തി. തുടർന്ന് തോപ്പുംപടി പ്രദേശത്ത് ഗൃഹസന്ദർശനം നടത്തി.

ഫോർട്ട് താലൂക്ക് ഓഫീസിലെ നാമനിർദേശ പത്രികയുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ചെർളായി തിരുമല ദേവസ്വം അധികാരികളെയും സന്ദർശിച്ചു.  ക്ഷേത്രവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തു. ക്ഷേത്രത്തിന്റെ ഏത് കാര്യത്തിലും എം എൽ എ എന്ന നിലയിൽ പിന്തുണ നൽകിയിട്ടുള്ള വ്യക്തി ആണ് കെ ജെ മാക്സി എന്ന് പ്രസിഡന്റ് പി അവിനാശ് പറഞ്ഞു. കെ.ജെ മാക്സിയെ പൊന്നാട നൽകി ആദരിക്കുകയും ചെയ്തു. ശേഷം പാലസ് റോഡിലെ ചെറുകിട വ്യാപാര സ്ഥാപനങ്ങൾ സന്ദർശിച്ചു. ഉച്ചയ്ക്ക് പര്യടനത്തിന്റെ ഭാഗമായി  കുമ്പളങ്ങി ഇല്ലിക്കൽ ശ്രീ അർദ്ധനാരീശ്വര ക്ഷേത്രത്തിൽ ഉത്സവത്തോടനുബന്ധിച്ചു  നടന്ന അന്നദാനത്തിൽ പങ്കെടുത്ത മാക്സി, വിശ്വാസികളോടൊപ്പം സമയം ചിലവഴിച്ചു.

## വോട്ടർമാരെ നേരിൽക്കണ്ട് വോട്ട് തേടി ഉമാ തോമസ്




**തൃക്കാക്കര:** തൃക്കാക്കര നിയോജകമണ്ഡലം യു.ഡി.എഫ് സ്ഥാനാർത്ഥി ഉമ തോമസിന്റെ സ്ഥാനാർത്ഥി പര്യടനം പുരോഗമിക്കുന്നു. വാഹന പര്യടനത്തിന്റെ തൃക്കാക്കര വെസ്റ്റ് മണ്ഡലം കേന്ദ്രീകരിച്ചായിരുന്നു ഇന്നലത്തെ വാഹന പര്യടനം. ജഡ്ജി മുക്കിൽ നിന്ന് ആരംഭിച്ച പര്യടനം കെ.പി.സി.സി ജനറൽ സെക്രട്ടറി  അബ്ദുൾ മുത്തലിബ് ഉദ്ഘാടനം ചെയ്തു. യു.ഡി.എഫ് തൃക്കാക്കര നിയോജക മണ്ഡലം ചെയർമാൻ എം.എസ് അനിൽ കുമാർ, ഡി.സി.സി ഭാരവാഹികളായ നൗഷാദ് പല്ലച്ചി, സേവ്യർ തായങ്കരി, ബ്ലോക്ക് പ്രസിഡന്റ് റാഷിദ് ഉള്ളംപള്ളി, മണ്ഡലം പ്രസിഡന്റുമാരായ ടി. ടി ബാബു, സി.സി ബിജു, മറ്റ് യു.ഡി.എഫ് നേതാക്കളായ അഡ്വ.സജീവൻ, റസാഖ്, ഇബ്രാഹിം കുട്ടി, ഷെഫീഖ്, സി.കെ മമ്മാലി, യൂനസ്, റമീസ, മറ്റ് ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

നൂറ് കണക്കിന് പ്രവർത്തകരുടെയും ഇരുചക്ര വാഹനങ്ങളുടെയും അകമ്പടിയോടെ നടന്ന പര്യടനത്തിന് ഓരോ കേന്ദ്രങ്ങളിലും സ്ത്രീകളും കുട്ടികളും ഉൾപ്പെടെ വലിയ സ്വീകരണമാണ് നൽകിയത്.

തമ്മനത്തെ വിവിധ കേന്ദ്രങ്ങളിലും തുടർന്ന് പൂണിത്തുറ ഭാഗത്തും  സ്ഥാനാർത്ഥി നേരിട്ട് എത്തി. പ്രദേശത്തെ പ്രമുഖരായ വ്യക്തികളെയും  വോട്ടർമാരെയും നേരിൽ കണ്ട് പിന്തുണ ഉറപ്പാക്കി. ഓരോ കേന്ദ്രങ്ങളിലും ഊഷ്മളമായ സ്വീകരണമാണ് സ്ഥാനാർത്ഥിക്ക് ലഭിച്ചത്.

## കുന്നത്തുനാട്ടിൽ തരംഗമായി ബാബു ദിവാകരൻ

**കുന്നത്തുനാട്:** നാമനിർദ്ദേശ പത്രികയുടെ സൂക്ഷമ പരിശോധന പൂർത്തിയായതിനു പിന്നാലെ തിരഞ്ഞെടുപ്പ് പ്രചാരണം കൂടുതൽ ശക്തമാക്കി കുന്നത്തുനാട് നിയോജകമണ്ഡലം ട്വന്റി20-എൻഡിഎ സ്ഥാനാർത്ഥി ബാബു ദിവാകരൻ. വോട്ടെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കേ കടുത്ത ചൂടിലും വിശ്രമമില്ലാതെയുള്ള പ്രചരണമാണ് ബാബുദിവാകരൻ നടത്തുന്നത്.

ഉത്സവം നടക്കുന്ന പനങ്ങനാട് പുളിയ്ക്കകര ശ്രീ ദുർഗ്ഗ ഭദ്രാകാളി ക്ഷേത്രത്തിൽ ഇന്നലെ എത്തിയ ബാബു ദിവാകരൻ വിശ്വാസികളോട് വോട്ട് അഭ്യർത്ഥിച്ച ശേഷം അന്നദാനത്തിലും പങ്കെടുത്താണ് മടങ്ങിയത്.

തുടർന്ന് ഞാറള്ളൂർ, കോലഞ്ചേരി ടൗൺ എന്നിവടങ്ങളിലെ  വ്യാപാര സ്ഥാപനങ്ങൾ, മലങ്കര ഓർത്തോഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ എന്നിവടങ്ങളിലും ഇന്നലെ സന്ദർശനം നടത്തി വോട്ട് അഭ്യർത്ഥിച്ചു.  എൻഡിഎ കുന്നത്തുനാട് നിയോജകമണ്ഡലം തിരഞ്ഞെടുപ്പ് കൺവീനർ വി. എൻ വിജയൻ, നിയോജകമണ്ഡലം എക്സിക്യൂട്ടീവ് അംഗം വി സി മിനി,  പി. പി സനകൻ, ട്വന്റി 20 ബ്ലോക്ക് മെമ്പർ പി റ്റി ഐപ്പ്, വാർഡ് മെമ്പർമാരായ അനു എൽദോസ് , രമ്യ തങ്കപ്പൻ, അനിത സി കെ, ഏലിയാസ്, ജിജോ, ഷിഞ്ചുമോൾ പി മാത്യു, എലിസാ മാത്യു , വീണ മാത്യ, ഷാന്റി ഷിബ, മഞ്ജു ജോർജ് , ഐക്കരനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പ്രസന്ന പ്രദീപ്, നിയോജകമണ്ഡലം കമ്മിറ്റി അംഗം ജോബി വർഗീസ്, മിനി വി സി, എൻഡിഎ കോർകമ്മിറ്റി അംഗവും ബിജെപി ഐക്കരനാട് പഞ്ചായത്ത് പ്രസിഡന്റുമായ രൂപേഷ് ബി, വൈസ് പ്രസിഡന്റ് വിനോദ് ആർ വാര്യർ, ബിജെപി ശക്തികേന്ദ്ര ഇൻ ചാർജ് ശശീന്ദ്രൻ എന്നിവരും വിവിധയിടങ്ങളിലായി സ്ഥാനാർത്ഥിയ്ക്കൊപ്പം പ്രചരണത്തിൽ പങ്കെടുത്തു.



*കുന്നത്തുനാട് നിയോജകമണ്ഡലം ട്വന്റി20-എൻഡിഎ സ്ഥാനാർത്ഥി ബാബു ദിവാകരൻ ഇന്നലെ കോലഞ്ചേരി ടൗണിലെ വ്യാപാര സ്ഥാപനങ്ങളിൽ വോട്ട് തേടിയപ്പോൾ.*

# ആദ്യ ഇലക്ട്രിക് സെഡാനുമായി ലെക്സസ്




**കൊച്ചി :** ജാപ്പനീസ് വാഹനനിർമാതാക്കളായ ടൊയോട്ടയുടെ ആഡംബര വാഹന വിഭാഗമായ ലെക്സസ്, ഇന്ത്യയിൽ ആദ്യ വൈദ്യുതവാഹന(ഇ.വി.)മായ ഇ.എസ്. 500C അവതരിപ്പിച്ചു. 89.99 ലക്ഷം രൂപയാണ് ഈ ഇലക്ട്രിക് സെഡാന്റെ പ്രാരംഭ വില. 100 കിലോമീറ്റർ വേഗമെത്താൻ 5.5 സെക്കൻഡ് മാത്രം മതി. പൂർണമായി ചാർജ് ചെയ്താൽ 580 കിലോമീറ്റർ റെയ്ഞ്ചാണ് കമ്പനിയുടെ വാഗ്ദാനം. 150 കെ.ഡബ്ല്യു. ഡി.സി. ചാർജർ ഉപയോഗിച്ചാൽ വാഹനം 10–80 ശതമാനം വരെ 28 മിനിറ്റുകൊണ്ട് ചാർജ് ചെയ്യാനാകും.

# ടാറ്റ മോട്ടോഴ്സിന് കെഎസ്ആർടിസിയുടെ ഓർഡറുകൾ ലഭിച്ചു




**കൊച്ചി :** വാണിജ്യ വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്സിന് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഉൾപ്പെടെ രാജ്യത്തുടനീളമുള്ള സംസ്ഥാന ഗതാഗത വകുപ്പുകളുടെ (എസ്ടിയു) നിന്ന് 5,000-ത്തിലധികം ബസുകളുടെയും ബസ് ഷാസികളുടെയും ഓർഡറുകൾ ലഭിച്ചു. അതാത് എസ്ടിയുകളുമായി ഉണ്ടാക്കിയ ധാരണ പ്രകാരം ഘട്ടം ഘട്ടമായി ബസുകൾ നൽകുന്നത് ഷെഡ്യൂൾ ചെയ്തു. സർക്കാരിന്റെ ഇ-ബിഡ്ഡിംഗ് പ്രക്രിയയിലൂടെയാണ് ടെൻഡർ ലഭിച്ചത്. ഇന്റർസിറ്റി, ദീർഘദൂരം, ഇൻട്രാസിറ്റി ഗതാഗതത്തിനായി ടാറ്റ മാഗ്ന, ടാറ്റ സിറ്റിറൈഡ്, ടാറ്റ സ്റ്റാർബസ്, ടാറ്റ സ്റ്റാർബസ് പ്രൈം, ടാറ്റ എൽപിഒ 1618, എൽപിഒ 1622, എൽപിഒ 1822 തുടങ്ങിയ ശ്രേണിയിലാണ് ഓർഡറുകൾ ലഭിച്ചത്.

കേരളത്തിനു പുറമെ മഹാരാഷ്ട്ര, ഗുജറാത്ത്, വടക്കുപടിഞ്ഞാറൻ കർണാടക, തെലങ്കാന, ബീഹാർ, രാജസ്ഥാൻ, ഹരിയാന, ചണ്ഡീഗഢ് എന്നിവിടങ്ങളിലെ സംസ്ഥാന ഗതാഗത വകുപ്പുകളിൽ നിന്നാണ് മറ്റ് ഓർഡറുകൾ ലഭിച്ചത്. ഒന്നിലധികം സംസ്ഥാന ഗതാഗത സ്ഥാപനങ്ങളിൽ നിന്നുണ്ടായ ഈ അംഗീകാരം ടാറ്റ മോട്ടോഴ്സിന്റെ ഗതാഗത പരിഹാരങ്ങളിൽ അർപ്പിക്കുന്ന ആഴത്തിലുള്ള വിശ്വാസത്തെ പ്രതിഫലിപ്പിക്കുന്നുവെന്ന് ടാറ്റ മോട്ടോഴ്സ് ലിമിറ്റഡിന്റെ കൊമേഴ്സ്യൽ പാസഞ്ചർ വെഹിക്കിൾ ബിസിനസ് വൈസ് പ്രസിഡന്റും മേധാവിയുമായ ആനന്ദ് എസ് പറഞ്ഞു.

# സന്താരി പേൾ ബീച്ച് റിസോർട്ടിൽ സൗജന്യ രക്തപരിശോധന ക്യാമ്പ്

**ആലപ്പുഴ:** സന്താരി ദിനാഘോഷങ്ങളുടെ ഭാഗമായി മുത്തൂറ്റ് ഫിനാൻസിന്റെ സി.എസ്.ആർ പദ്ധതിയായ 'മുത്തൂറ്റ് സ്നേഹാശ്രയ'യുമായി സഹകരിച്ച് സന്താരി പേൾ ബീച്ച് റിസോർട്ട് സൗജന്യ രക്തപരിശോധനാ ക്യാമ്പ് സംഘടിപ്പിക്കുന്നു. സന്താരി പേൾ ബീച്ച് റിസോർട്ടിൽ ഇന്ന് രാവിലെ 7 മണി മുതൽ 9.30 വരെയായിരിക്കും സൗജന്യ രക്തപരിശോധന. മാരാരി പ്രദേശവാസികൾക്കും സന്താരി റിസോർട്ടിലെ അതിഥികൾക്കും ജീവനക്കാർക്കും അടിസ്ഥാന ആരോഗ്യപരിശോധനകൾ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ ക്യാമ്പ് സംഘടിപിക്കുന്നത്. മാരാരിക്കുളം ഹെൽത്ത് ഇൻസ്പെക്ടർ സി.ടി. സനിൽ രാവിലെ 8 മണിക്ക് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ഫാ. ആന്റണി ജേക്കബ് പനഞ്ചിക്കൽ (സെന്റ് ഓഗസ്റ്റിൻ പള്ളി, മാരാരിക്കുളം) ചടങ്ങിൽ സംസാരിക്കും. രാവിലെ നടത്തിയ പരിശോധനകളുടെ ഫലങ്ങൾ വൈകുന്നേരം 3 മണി മുതൽ വിതരണം ചെയ്യും, ഒപ്പം ബോധവത്കരണ ക്ലാസും സംഘടിപ്പിക്കുന്നുണ്ട്. ഇത് ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് സ്വന്തം ആരോഗ്യനില മനസ്സിലാക്കാനും വിദഗ്ധ നിർദേശങ്ങൾ തേടാനും സഹായിക്കും. കേവലം ഒരു പ്രാഥമിക പരിശോധന എന്നതിലുപരി, ഈ പദ്ധതിയുടെ പ്രയോജനം ജനങ്ങളിലേക്ക് കൂടുതൽ ഫലപ്രദമായി എത്തിക്കാനും ഇതിലൂടെ സാധിക്കുമെന്ന് അധികൃതർ അറിയിച്ചു.

# നമ്മൾ ക്ഷാമവും ക്ഷോഭവും വരുമ്പോൾ മാത്രം ജലത്തെ ഓർമിക്കുന്നവർ: ശ്രീകുമാർ മുഖത്തല

**കൊച്ചി:** ജലക്ഷാമവും പ്രകൃതിക്ഷോഭങ്ങളും മറ്റും വരുമ്പോൾ മാത്രമാണ് ജലത്തിന്റേയും മറ്റ് പ്രകൃതിസമ്പത്തുകളുടേയും വില നമ്മൾ ഓർക്കുന്നതെന്ന് എഴുത്തുകാരനും ആകാശവാണി തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടറുമായ ശ്രീകുമാർ മുഖത്തല. ജല, പാർപ്പിട, പരിസ്ഥിതി ദിനങ്ങളിൽ അസറ്റ് ഹോംസ് സംഘടിപ്പിച്ചു വരുന്ന ബിയോണ്ട് സ്ക്വയർ ഫീറ്റ് പ്രഭാഷണ പരമ്പരയുടെ 33-ാം പതിപ്പിൽ ജലദിന പ്രഭാഷണം നടത്തുകയായിരുന്നു ശ്രീകുമാർ മുഖത്തല. ഇന്ന് യുഎസിന്റേയും ഇസ്രായേലിന്റെയും അക്രമണം നേരിടുന്ന ഇറാനിൽ നിന്നും ഇതിനു മുൻപു തന്ന അഭയാർത്ഥി പ്രവാഹങ്ങളുണ്ടായിരുന്നുവെന്നും അത് കുടിവെള്ളത്തിനു വേണ്ടിയായിരുന്നുവെന്നും ശ്രീകുമാർ മുഖത്തല ചൂണ്ടിക്കാണിച്ചു. വനസംരക്ഷണം വനവിഭവങ്ങൾക്കു വേണ്ടിയല്ലെന്നും അത് ജലസംരക്ഷണത്തിനു വേണ്ടിയാണെന്നും ശ്രീകുമാർ പറഞ്ഞു. 750 കോടിയോളം മനുഷ്യരുള്ള ഭൂമിയിൽ നാലിലൊന്നു പേർക്ക് സുരക്ഷിതമായ കുടിവെള്ളം ലഭ്യമല്ലെന്ന് ചടങ്ങിൽ സംസാരിച്ച അസറ്റ് ഹോംസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ സുനിൽ കുമാർ വി. ചൂണ്ടിക്കാണിച്ചു. ഉത്തരവാദിത്തത്തോടെയുള്ള ജലസംരക്ഷണത്തിന് അതിനാൽ ഏറെ പ്രാധാന്യമുണ്ട്. വൃക്ഷലതാദികളുടേയും പക്ഷിമൃഗാദികളുടേയും മനുഷ്യരുടേയും ജീവിതങ്ങളിലെ എല്ലാ നനവുകളും ജലം തന്നെയാണെന്നും അദ്ദേഹം ഓർമിപ്പിച്ചു.

# മെഷീനുകൾ, ക്രാങ്ക്ഷാഫ്റ്റുകൾ കലാസൃഷ്ടിയിലേക്കുള്ള സബിതയുടെ പരീക്ഷണങ്ങൾ



**കൊച്ചി:** സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ വ്യവസ്ഥിതികൾക്കുള്ളിലെ മനുഷ്യജീവിതത്തെയും വ്യക്തിസ്വാതന്ത്ര്യത്തെയും കുറിച്ചുള്ള ഗൗരവകരമായ സംവാദങ്ങൾ ഉയർത്തുകയാണ് കൊച്ചി-മുസിരിസ് ബിനാലെയിലെ ആർട്ടിസ്റ്റ് സബിത കടന്നപ്പള്ളി. വില്ലിംഗ്ടൺ ഐലൻഡിലെ ഐലൻഡ് വെയർ ഹൗസിൽ പ്രദർശിപ്പിച്ചിരിക്കുന്ന 'സ്ക്വയർ ദ സർക്കിൾ (2025); ജേർണി ഓഫ് ലൈഫ്', 'വെയർ/ഹൗ ദ ബഡ്സ് സ്റ്റാർട്ട്' എന്നീ ഇൻസ്റ്റലേഷനുകളിലൂടെയാണ് സബിത തന്റെ കലാപരമായ കാഴ്ചപ്പാടുകൾ പങ്കുവെക്കുന്നത്. പഴയകാല മെഷീനുകളുടെ ക്രാങ്ക്ഷാഫ്റ്റുകൾ ഘടിപ്പിച്ച പത്ത് ശില്പങ്ങളാണ് ഈ ഇൻസ്റ്റലേഷന്റെ ഭാഗമായുള്ളത്. അർദ്ധവൃത്താകൃതിയിലുള്ള ഡിഷ് ആന്റിനകളെ അനുസ്മരിപ്പിക്കുന്ന ലോഹഭാഗങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന വെള്ള കോട്ടൺ തുണികൾ മോട്ടോർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ക്രാങ്കുകൾക്കൊപ്പം ചലിക്കുന്നു.

ചുറ്റികയുടെയും ചക്രത്തിന്റെയും ആകൃതിയിലുള്ള ക്രാങ്കുകൾ വെളുത്ത തുണിയിൽ പാടുകൾ വീഴ്ത്തുന്നത് ഗതകാലസ്മരണകളെയും വർത്തമാനകാലത്തെയും ഒരുപോലെ പ്രതിനിധീകരിക്കുന്നു. തുണിയിലുള്ള പരീക്ഷണങ്ങളിലൂടെയാണ് താൻ ഈ പ്രമേയത്തിലേക്ക് എത്തിയതെന്ന് സബിത കടന്നപ്പള്ളി പറയുന്നു. കൈത്തറി മേഖലയിലെ പ്രതിസന്ധികളെയും സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളെയും കുറിച്ചുള്ള പഠനമാണ് ഈ സൃഷ്ടികൾക്ക് പിന്നിലെന്നും തുണിയുടെ സുതാര്യത മനുഷ്യ മനസ്സിനെയും സമൂഹത്തെയും പ്രതിനിധീകരിക്കുന്നുവെന്നും അവർ കൂട്ടിച്ചേർത്തു. ബാല്യകാലം മുതൽ കുശീലിച്ച അസമത്വങ്ങളും വിവേചനങ്ങളും അക്രമങ്ങളും തന്റെ കലാചിന്തകളെ സ്വാധീനിച്ചിട്ടുണ്ട്. സുരക്ഷയുടെ പേരിൽ പെൺകുട്ടികളുടെ സ്വാതന്ത്ര്യത്തിന് മേൽ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങളും സാമൂഹിക വ്യവസ്ഥിതികളും വ്യക്തി ജീവിതത്തിൽ ഉണ്ടാക്കുന്ന സംഘർഷങ്ങളാണ് 'ജേർണി ഓഫ് ലൈഫ്' എന്ന കൃതിയിലൂടെ ആവിഷ്കരിക്കുന്നത്.ചലിക്കുന്ന യന്ത്രഭാഗങ്ങൾ ഉയർത്തുന്ന ശബ്ദം കാഴ്ചക്കാരെ പുതിയ ചിന്തകളിലേക്കും സംവാദങ്ങളിലേക്കും നയിക്കുന്നു. കൊച്ചി -മുസിരിസ് ബിനാലെ പ്രദർശനങ്ങൾ മാർച്ച് 31ന് അവസാനിക്കും.

# തനിമ 2026 : മെഡിക്കൽ ട്രസ്റ്റ് ആശുപത്രി ചാമ്പ്യൻമാർ



ഐ.എം.എ കൊച്ചിയുടെ നേതൃത്വത്തിൽ എറണാകുളം നഗരത്തിലെ ആശുപത്രികളിലെ ഡോക്ടർമാർക്കും കുടുംബാംഗങ്ങൾക്കുമായി സംഘടിപ്പിച്ച 'തനിമ 2026' ഇന്റർ ഹോസ്പിറ്റൽ കൾച്ചറൽ ഫെസ്റ്റിന്റെ അഞ്ചാമത് എഡിഷൻ ചാമ്പ്യൻമാരായ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ടീം ഐ.എം.എ പ്രസിഡന്റ് ഡോ.അതുൽ ജോസഫ് മാനുവലിൽ നിന്നും ട്രോഫി ഏറ്റുവാങ്ങുന്നു.

**കൊച്ചി :** ഐ.എം.എ കൊച്ചിയുടെ നേതൃത്വത്തിൽ എറണാകുളം നഗരത്തിലെ ആശുപത്രികളിലെ ഡോക്ടർമാർക്കും കുടുംബാംഗങ്ങൾക്കുമായി സംഘടിപ്പിച്ച 'തനിമ 2026' ഇന്റർ ഹോസ്പിറ്റൽ കൾച്ചറൽ ഫെസ്റ്റിന്റെ അഞ്ചാമത് എഡിഷനിൽ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ചാമ്പ്യന്മാരായി.

റിനൈ മെഡിസിറ്റി രണ്ടാം സ്ഥാനവും, ലക്ഷ്മി ഹോസ്പിറ്റൽ, ആസ്റ്റർ മെഡിസിറ്റി എന്നിവർ മൂന്നാം സ്ഥാനവും നേടി. ദുൽഹൻ ഡ്രാമ ക്യൂൻ അവാർഡ് സൈമർ വുമൺ ഹോസ്പിറ്റലിലെ ഡോ. മിനുവും, ദുൽഹാ ഡ്രാമ കിംഗ് അവാർഡ് മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ഡോ. ജിനുവും സംഗീത് സുൽത്താൻ അവാർഡ് ലക്ഷ്മി ഹോസ്പിറ്റലും നേടി. ശാദി ഗാനാ മെയസ്ട്രോ അവാർഡ് ഇന്ദിരാഗാന്ധി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലിലെ ഡോ. നിജിൽ ക്ലീറ്റസും കരസ്ഥമാക്കി. ബെസ്റ്റ് ഡാൻസ് പെർഫോർമൻസ് പുരുഷ, വനിതാ വിഭാഗം അവാർഡ് ലിസി ഹോസ്പിറ്റൽ നേടി. ബെസ്റ്റ് സ്റ്റേജ് സെറ്റിംഗിനുള്ള അവാർഡ് റിനൈ മെഡിസിറ്റിയും ഡിജിറ്റൽ മീഡിയ ഉപയോഗത്തിനുള്ള സ്പെഷ്യൽ മെൻഷൻ അവാർഡ് സൈമർ-ദി വുമൺ ഹോസ്പിറ്റലും കരസ്ഥമാക്കി. വിപിഎസ് ലേക്ക്ഷോർ ഹോസ്പിറ്റൽ, ലൂർദ് ഹോസ്പിറ്റൽ, ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ എന്നിവർ പ്രോൽസാഹന സമ്മാനങ്ങളും നേടി. സമാപന സമ്മേളനത്തിൽ ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.അതുൽ ജോസഫ് മാനുവൽ വിജയികൾക്കുള്ള സമ്മാനദാനം നിർവ്വഹിച്ചു. ഐ.എം.എ സെക്രട്ടറി ഡോ. സച്ചിൻ സുരേഷ്, ട്രഷറർ ഡോ.ബെൻസിർ ഹുസൈൻ, ഐ.എം.എ ഹൗസ് ചെയർമാൻ ഡോ. വി.പി കുര്യെയ്പ്പ, ഐ.എം.എ കൊച്ചി മുൻ പ്രസിഡന്റ് ഡോ.ജേക്കബ്ബ് എബ്രഹാം, ഐഎംഎ ഹൗസ് കൺവീനർ ഡോ. സച്ചിദാനന്ദകമ്മത്ത്, ഐ.എം.എ ചാരിറ്റബിൾ ആക്ടിവിറ്റി ചെയർമാൻ ഡോ. ജുനൈദ് റഹ്മാൻ, ഡോ.പി. നാരായണൻ, ഡോ. എം. വേണുഗോപാൽ, ഡോ. എം. എം. ഹനീഷ്, ഡോ. ജോർജ്ജ് തുകലൻ, ഡോ. എസ്. ശ്രീനിവാസ കമ്മത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

# വെൽബീയിംഗ് ന്യൂട്രിഷൻ ബ്രാൻഡ് അംബാസഡറായി മാളവിക മോഹനൻ




**കൊച്ചി:** മുംബൈ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സൗന്ദര്യവർധക-വെൽനെസ് ബ്രാൻഡായ വെൽബീയിംഗ് ന്യൂട്രിഷൻ തങ്ങളുടെ പ്രീമിയം കൊറിയൻ മറൈൻ കൊളാജൻ, സ്കിൻ ഗ്ലൂട്ടാത്തിയോൺ ഉൽപ്പന്ന നിരയ്ക്കായി നടി മാളവിക മോഹനനെ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. ബ്രാൻഡിന്റെ മറൈൻ കൊളാജൻ, നാനോ-ഹൈഡ്രലൈസ്ഡ് കൊറിയൻ മറൈൻ കൊളാജൻ പെപ്റ്റൈഡുകൾ എന്നിവയുൾപ്പെടുന്ന ഉൽപ്പന്ന ശ്രേണിയുടെ പ്രചാരണത്തിനായാണ് മാളവിക മോഹനനുമായി സഹകരിക്കുന്നത്. ദീർഘകാല ചർമ്മ ഇലാസ്റ്റിസിറ്റിയും ഉറപ്പും നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രീമിയം വിഭാഗത്തിൽപ്പെടുന്ന ഈ ഉൽപ്പന്നങ്ങൾ സ്കിൻ ഫ്യൂവൽ ഗ്ലൂട്ടയും 'ഇൻസൈഡ്-ഔട്ട്' ബ്യൂട്ടി എന്ന ആശയവും ഉൾക്കൊള്ളുന്നതാണെന്ന് വെൽബീയിംഗ് ന്യൂട്രീഷൻ അറിയിച്ചു. പ്രീമിയം കൊറിയൻ മറൈൻ കൊളാജനും സ്കിൻ ഫ്യൂവൽ ഗ്ലൂട്ടാത്തിയോൺ ഉൽപ്പന്ന നിരയ്ക്കുമായുള്ള സഹകരണം ചർമസംരക്ഷണത്തെ ഉള്ളിൽ നിന്നുള്ള പോഷണത്തിലേക്ക് മാറ്റാനുള്ള ബ്രാൻഡിന്റെ തന്ത്രപരമായ നീക്കത്തിന്റെ ഭാഗമാണെന്നും കമ്പനി വ്യക്തമാക്കി. ഡിജിറ്റൽ-ഫസ്റ്റ് ക്യാംപെയ്നുകളിലൂടെ കൊളാജന്റെ ശാസ്ത്രീയ പ്രാധാന്യം ലളിതമായി അവതരിപ്പിച്ച്, സ്ഥിരതയുള്ള ചർമ പോഷണ ശീലങ്ങൾ പ്രോത്സാഹിപ്പിക്കാനാണ് സഹകരണത്തിലൂടെ ബ്രാൻഡ് ലക്ഷ്യമിടുന്നത്. ചർമ്മ പരിചരണം എന്നത് സ്ഥിരതയും, ചർമ്മത്തിൽ ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങൾക്കപ്പുറം സ്വയം സംരക്ഷിക്കുന്ന രീതികളുമാണെന്ന കാഴ്ചപ്പാടുള്ളതിനാൽ ചർമ്മാരോഗ്യത്തെ ഉള്ളിൽ നിന്നു പിന്തുണയ്ക്കുന്ന ആശയത്തോട് ഏറെ താൽപര്യമുണ്ടെന്ന് മാളവിക മോഹനൻ പറഞ്ഞു. മാളവികയുമായുള്ള സഹകരണം ആരോഗ്യകരമായ ചർമ്മത്തിന്റെ സംരക്ഷണം എന്ന ആശയം ശക്തിപ്പെടുത്തുന്നതായി വെൽബീയിംഗ് ന്യൂട്രീഷൻ സഹസ്ഥാപകൻ സൗരഭ് കപൂർ പറഞ്ഞു.

# ഹരിത മൊബൈൽ കീപ്പിങ് പൗച്ച്: പഴയ തുണികൾ ശേഖരിക്കുന്നതിനുള്ള കളക്ഷൻ സെന്റർ ആരംഭിച്ചു

**കൊച്ചി:** പഴയ തുണികൾ ശേഖരിച്ച് പോളിങ് ബൂത്തുകളിൽ മൊബൈൽ ഫോണുകൾ സൂക്ഷിക്കാനുള്ള 'ഹരിത മൊബൈൽ കീപ്പിങ് പൗച്ച്' ആക്കി മാറ്റുന്ന പദ്ധതിയുടെ ഭാഗമായി കാക്കനാട് സിവിൽ സ്റ്റേഷനിൽ ആരംഭിച്ച കളക്ഷൻ സെന്റർ ജില്ലാ കളക്ടർ ജി പ്രിയങ്ക ഉദ്ഘാടനം ചെയ്തു.

പൊതുജനങ്ങൾക്ക് വ്യാഴാഴ്ച്ച വരെ പഴയ തുണികൾ കളക്ഷൻ സെന്ററിൽ നൽകാം. പഴയ വസ്ത്രങ്ങൾ, സാരികൾ, ബെഡ്ഷീറ്റുകൾ എന്നിവയാണ് സ്വീകരിക്കുക. കോട്ടൺ തുണികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

ഇത്തരത്തിൽ ശേഖരിക്കുന്ന തുണികൾ ഉപയോഗിച്ച് 9 മുതൽ 12 ഫോണുകൾ വരെ സൂക്ഷിക്കാവുന്ന മൊബൈൽ ഫോൺ പൗച്ചുകൾ നിർമ്മിക്കുന്നത് കുടുംബശ്രീ യൂണിറ്റുകളാണ്. ജില്ലയിലെ 3,148 ബൂത്തുകൾക്കുമായി ഏകദേശം 3,200 പൗച്ചുകളാണ് നിർമ്മിക്കുക. ഐ.എം. എ ഹൗസ്, സെന്റ് ആൽബർട്ട്സ് കോളേജ്, സെന്റ് തെരേസാസ് കോളേജ് എന്നിവിടങ്ങളിലും കളക്ഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു. അസിസ്റ്റന്റ് കളക്ടർ പാർവതി ഗോപകുമാർ, ശുചിത മിഷൻ കോഡിനേറ്റർ ശീതൾ ജി മോഹൻ, ഹരിത കേരളം കോഡിനേറ്റർ എസ് രഞ്ജിനി എന്നിവർ പങ്കെടുത്തു.

# രാജസ്ഥാൻ റോയൽസിന്റെ അസോസിയേറ്റ് സ്പോൺസറായി എച്ച്എംഡി




**കൊച്ചി:** ഇന്ത്യൻ പ്രീമിയർ ലീഗ് ടീമായ രാജസ്ഥാൻ റോയൽസുമായുള്ള പങ്കാളിത്തം തുടരുമെന്ന് പ്രഖ്യാപിച്ച് എച്ച്എംഡി. തുടർച്ചയായ മൂന്നാം വർഷത്തിലെ സഹകരണം, ഔദ്യോഗിക സ്മാർട്ട്ഫോൺ പാർട്ണർ എന്ന നിലയിൽ നിന്ന് 'അസോസിയേറ്റ് സ്പോൺസർ' പദവിയിലേക്ക് ഉയർത്തിയതായും എച്ച്എംഡി അറിയിച്ചു. സ്പോൺസർഷിന്റെ ഭാഗമായി രാജസ്ഥാൻ റോയൽസ് താരങ്ങളുടെ ഹെൽമറ്റുകളുടെ പിൻഭാഗത്ത് എച്ച്എംഡി ബ്രാൻഡിങ് പ്രദർശിപ്പിക്കും. ക്രിക്കറ്റ് ആവേശത്തോടെ കാണുന്ന അന്താരാഷ്ട്ര പ്രേക്ഷകർക്കിടയിൽ ബ്രാൻഡിന് ഇത് സമാനതകളില്ലാത്ത ദൃശ്യപരത ഉറപ്പാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലോകത്തെ തന്നെ ഏറ്റവും പ്രചാരമേറിയ കായിക മാമാങ്കങ്ങളിലൊന്നാണ് ഐപിഎൽ. എച്ച്എംഡി തങ്ങളുടെ ഫോണുകളിൽ മികച്ച സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളിക്കുന്നത് പോലെ തന്നെ, ഏറ്റവും മികച്ച ക്രിക്കറ്റ് പ്രതിഭകളെയാണ് രാജസ്ഥാൻ റോയൽസും തങ്ങളുടെ ടീമിൽ അണിനിരത്തിയിരിക്കുന്നത്.

രാജസ്ഥാൻ റോയൽസുമായുള്ള ഞങ്ങളുടെ ഈ മൂന്നാം ഇന്നിങ്സ് സഹകരണം തുടരുന്നത് കളിക്കളത്തിലേക്ക് തിരിച്ചെത്തുന്നത് പോലെയാണ് തോന്നിക്കുന്നതെന്ന് ഇതേകുറിച്ച് സംസാരിച്ച എച്ച്എംഡി ഇന്ത്യ, എപിഎസി വൈസ് പ്രസിഡന്റും സിഇഒയുമായ രവി കൻവാർ പറഞ്ഞു. ലോകമെമ്പാടുമുള്ള ആരാധകർക്ക് കാണത്തക്ക രീതിയിൽ എച്ച്എംഡിയുടെ സാന്നിധ്യം ഉറപ്പാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. സാധാരണക്കാർക്കിടയിൽ ഇതിനോടകം വൻ ആവേശം സൃഷ്ടിച്ചിട്ടുള്ള ഞങ്ങളുടെ വരാനിരിക്കുന്ന സ്മാർട്ട്ഫോൺ ലോഞ്ചിനോട് അനുബന്ധിച്ചാണ് ഈ പങ്കാളിത്തമെന്നത് ഏറെ സന്തോഷകരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇത് വെറുമൊരു പങ്കാളിത്ത കരാർ അല്ലെന്നും, സ്റ്റേഡിയത്തിനകത്തും പുറത്തും ആവേശം നിറയ്ക്കുന്ന ഒരേ ലക്ഷ്യബോധമാണ് ഇതിന് പിന്നിലുള്ളതെന്നും രാജസ്ഥാൻ റോയൽസ് ചീഫ് ഓപ്പറേറ്റിങ് ഓഫീസർ അലോക് ചിത്രെ പറഞ്ഞു. ഈ മൂന്നാം വർഷത്തെ പങ്കാളിത്തം ഞങ്ങളുടെ ലോകമെമ്പാടുമുള്ള ആരാധകരിലേക്ക് എത്തിച്ചേരാൻ അവരെ സഹായിക്കുകയും, സ്റ്റേഡിയങ്ങൾക്ക് അപ്പുറത്തേക്ക് പടരുന്ന ആവേശത്തിന് കരുത്തേകുകയും ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

# ദീപ്തമുദ്ര ഉദ്ഘാടനം നടന്നു

**കൊച്ചി:** യോഗക്ഷേമസഭ എറണാകുളം ജില്ലയുടെ സുവർണ്ണ ജൂബിലി ആഘോഷമായ ദീപ്തമുദ്രയുടെ ഉദ്ഘാടനം ആലുവ വെളിയത്തുനാട് സഹകരണബാങ്ക് ഹാളിൽ നടന്നു. യോഗക്ഷേമസഭ സ്ഥാപകാംഗങ്ങളിലൊരാളായ വൈക്കം പി.എൻ. നമ്പൂതിരി ഉദ്ഘാടനം നിർവ്വഹിച്ചു. എറണാകുളം ജില്ല പ്രസിഡന്റ് പി.വി. ശിവദാസ്, ദീപ്തമുദ്ര ജനറൽ കൺവീനർ മറസ്സി നാരായണൻ, ആമേടമംഗലം ശ്രീധരൻ നമ്പൂതിരി, സ്വാഗതസംഘം ചെയർമാൻ സ്വർണ്ണത്ത് നാരായണൻ നമ്പൂതിരിപ്പാട്, ജില്ല സെക്രട്ടറി കെ.പി. നാരായണൻ എന്നിവർ സംസാരിച്ചു. ദീപ്തമുദ്രയുടെ ഭാഗമായി ഒരു വർഷത്തെ പരിപാടികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്. ടി.ആർ. വി. നമ്പൂതിരിപ്പാട്, വാസുദേവൻ പാറനാട്, ഹരി പഴങ്ങാപ്പറമ്പ്, രവി പന്തൽ, വത്സല പണിക്കം, രജിത ഹരി, സിന്ധു പൊട്ടക്കുഴി, ശ്രീരാജ് വെളിഞ്ഞിൽ തുടങ്ങിയവർ സംസാരിച്ചു

# കേരളത്തിൽ ആദ്യ ആൽക്കോൺ വിഷൻ സ്യൂട്ട് അവതരിപ്പിച്ച് അബേറ്റ് ഐ ഹോസ്പിറ്റൽ

**കൊച്ചി:** അബേറ്റ് എഎസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ നേത്ര ചികിത്സാ ശൃംഖലയായ അബേറ്റ് കണ്ണാശുപത്രി കേരളത്തിൽ ആദ്യമായി അൽക്കോൺ വിഷൻ സ്യൂട്ട് (എവിഎസ്) അവതരിപ്പിച്ചു. നേത്രചികിത്സയുടെ രോഗനിർണയം മുതൽ ശസ്ത്രക്രിയയും ശസ്ത്രക്രിയാനന്തര പരിചരണവും വരെ – ഡിജിറ്റൽ രീതിയിൽ ഏകീകരിക്കുന്ന സമഗ്ര സംവിധാനമാണിത്.

കേരളത്തിൽ ആദ്യമായി സ്ഥാപിച്ചിരിക്കുന്ന ഈ സാങ്കേതികവിദ്യയിലൂടെ നേത്ര ചികിത്സാ രംഗത്ത് അതിനൂതനമായ സൗകര്യങ്ങൾ ലഭ്യമാകുമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. രോഗനിർണയം മുതൽ ചികിത്സയും ശസ്ത്രക്രിയാനന്തര പരിചരണവും വരെ മുഴുവൻ നേത്രചികിത്സയും പുതുക്കി നിർവചിക്കുകയാണ് തങ്ങളെന്നും ലോകോത്തര സാങ്കേതികവിദ്യകൾ രോഗികൾക്ക് ലഭ്യമാക്കുകയും പുതിയ തലമുറ നേത്രവിദഗ്ധരെ ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ് ഈ നിക്ഷേപത്തിന്റെ ലക്ഷ്യമെന്നും ചെയർമാൻ ഡോ. ശംസുദ്ധീൻ അരിക്കുഴിയിൽ പറഞ്ഞു.



എവിഎസ് സംവിധാനം തിമിര ശസ്ത്രക്രിയയുടെ – രോഗനിർണ്ണയം മുതൽ, സർജറി പ്ലാനിംഗ്, ഓപ്പറേഷൻ തിയേറ്റർ വിഷ്വലൈസേഷൻ, സർജറിക്ക് ശേഷമുള്ള പരിചരണം വരെ; എല്ലാം ഒരേ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ഏകീകരിക്കുന്നു. ഇതിലൂടെ ശസ്ത്രക്രിയയിലെ കൃത്യതയും കാര്യക്ഷമതയും വർധിപ്പിക്കുകയും രോഗികളുടെ ചികിത്സാഫലങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

എവിഎസ് സിസ്റ്റത്തിന്റെ പ്രധാന ഘടകങ്ങളിൽ ഒന്നായ 3D വിഷ്വലൈസേഷൻ സിസ്റ്റം ശസ്ത്രക്രിയയ്ക്കിടെ മികച്ച ദൃശ്യവൈവിധ്യവും കൂടുതൽ വ്യക്തതയും നൽകുന്നു. ഇതിലൂടെ ശസ്ത്രക്രിയയുടെ കൃത്യത വർധിക്കുകയും ഡോക്ടർമാർക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിൽ പ്രവർത്തിക്കാനും കഴിയും. ഇതോടൊപ്പം, എഡിഐ ഡിജിറ്റൽ സർജിക്കൽ പ്ലാനിംഗ് പ്ലാറ്റ്ഫോം ശസ്ത്രക്രിയയ്ക്ക് മുൻപുള്ള പ്ലാനിംഗ് കൃത്യവുമാക്കുന്നു. രോഗിയുടെ അവസ്ഥയെ അടിസ്ഥാനമാക്കി കൂടുതൽ വ്യക്തിഗത ശസ്ത്രക്രിയാ പ്ലാനിംഗ് തയ്യാറാക്കാൻ ഇതിലൂടെ സാധിക്കും. തിമിരം, ഗ്ലോക്കോമ ശസ്ത്രക്രിയകളിൽ കൂടുതൽ കൃത്യവും കാര്യക്ഷമവും രോഗി കേന്ദ്രീകൃതവുമായ പരിചരണം സാധ്യമാക്കി ഈ മേഖലയിലെ ഒരു സുപ്രധാന സാങ്കേതിക വഴിത്തിരിവിന് എവിഎസിന്റെ അവതരണം വഴിയൊരുക്കുന്നു. ഇത് ആശുപത്രിയെ നേത്രചികിത്സയിൽ മികവിന്റെ കേന്ദ്രമായി കൂടുതൽ ശക്തിപ്പെടുത്തുകയും മെഡിക്കൽ പരിശീലനത്തിന് സഹായകമാകുകയും ചെയ്യും. ലോകോത്തരവും സാങ്കേതിക വിദ്യാധിഷ്ഠിതവും ധാർമ്മികവുമായ നേത്ര പരിചരണം നൽകുക എന്ന അബേറ്റിന്റെ വിഷൻ നേടിയെടുക്കുന്നതിന്റെ ഒരു ഭാഗം കൂടെയാണ് ഈ സംരംഭം. എവിഎസ് പോലുള്ള നൂതന സാങ്കേതിക വിദ്യകൾ നേത്ര ചികിത്സ രംഗത്ത് പരിചയപെടുത്തുന്നതിലൂടെ, ക്ലിനിക്കൽ കൃത്യത വർദ്ധിപ്പിക്കാനും രോഗികളുടെ സംതൃപ്തി മെച്ചപ്പെടുത്താനും നേത്രചികിത്സയിൽ പുതിയ മാതൃക സൃഷ്ടിക്കാനും, ഇന്ത്യയിലേക്ക് ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട പരിചരണ നിലവാരം കൊണ്ടുവരാനുമാണ് അബേറ്റ് ലക്ഷ്യമിടുന്നതെന്ന് അറിയിച്ചു.

# ഹോണ്ടയുടെ ആദ്യ ഇലക്ട്രിക് എസ് യു വിയ്ക്ക് പാൻ ഇന്ത്യ ടെസ്റ്റ് റൺ ആരംഭിച്ചു




**കൊച്ചി:** ഹോണ്ട കാർസ് ഇന്ത്യ തങ്ങളുടെ ആദ്യ ഇലക്ട്രിക് എസ് യു വിയ്ക്കായി രാജ്യവ്യാപകമായ പൊതു റോഡ് പരിശോധനകൾ ആരംഭിച്ചു. ആഗോളമായി പരിചിതമായ പ്രോട്ടോടൈപ്പ് മോഡൽ ഹൈവേകൾ, നഗര റോഡുകൾ, കഠിനമായ ഭൂപ്രദേശങ്ങൾ എന്നിവയിൽ വാഹനം പരീക്ഷിക്കും.

ദൈർഘ്യം, കൈകാര്യം, യാത്രാസൗകര്യം, കാര്യക്ഷമത, വിശ്വാസ്യത എന്നിവയാണ് പ്രധാനമായി വിലയിരുത്തുക. കൂടാതെ കടുത്ത ചൂട്, മഴക്കാല സാഹചര്യങ്ങൾ, വിവിധ ചാർജിംഗ് സൗകര്യങ്ങൾ എന്നിവയിലും പരിശോധന നടത്തും. നഗര ഉപയോഗത്തിനും ലൈഫ്സ്റ്റൈൽ ഡ്രൈവിങ്ങിനുമായി രൂപകൽപ്പന ചെയ്ത ഈ എസ് യു വി 2026-27 സാമ്പത്തിക വർഷത്തിൽ ആഗോളമായി അവതരിപ്പിക്കും ഇന്ത്യ പ്രധാന വിപണികളിൽ ഒന്നായിരിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663